കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **156/2026** തിരുവനന്തപുരം, തീയതി : **25/07/2026**

# പത്രക്കുറിപ്പ്

## കേരള സർവകലാശാല
## ബിഎഡ് പ്രവേശനം - 2026
## സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു
## കോളേജ് പ്രവേശനം ജൂലൈ 27, 28 തീയതികളിൽ
## നിർദ്ദേശങ്ങൾ

കേരള സർവകലാശാലയുടെ 2026 - 27 അധ്യയന വർഷത്തിലെ ബിഎഡ് പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റ് (https://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു.

അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ്‌വേഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ചവർ (ഇതുവരെ സർവ്വകലാശാല ഫീസ് അടയ്ക്കാത്തവർ) നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച് ഓൺലൈനായി ഫീസ് അടച്ച അപേക്ഷകർക്ക് അവരുടെ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാവുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാക്കിയിട്ടുണ്ട്.

മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്.

ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്.

സ്പോർട്സ് ക്വാട്ട, മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, ഡിഫെൻസ് ക്വാട്ട കാറ്റഗറികളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ ഒഴികെയുള്ളവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ ലഭിച്ച അഡ്മിഷൻ നിർബന്ധമായും എടുക്കേണ്ടതാണ്. അല്ലാത്തപക്ഷം പഴയ അഡ്മിഷൻ നഷ്ടപ്പെടുകയും പുതിയ അഡ്മിഷൻ ലഭിക്കാതെ വരുകയും ചെയ്യും. സ്പോർട്സ് ക്വാട്ട, മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, ഡിഫെൻസ് ക്വാട്ട കാറ്റഗറികളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് താല്പര്യമുള്ളപക്ഷം അഡ്മിഷൻ നിലനിർത്താവുന്നതാണ്.

ജൂലൈ 28 നുള്ളിൽ പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതാണ്.

താൽക്കാലിക (Temporary) അഡ്മിഷൻ ഈ ഘട്ടത്തിൽ ലഭ്യമല്ല. പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്. ഈ ഘട്ടത്തിൽ എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസൽ കോളേജിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പർ : 8281883053 (Whatsapp also), ഇമെയിൽ : **bedadmission@keralauniversity.ac.in**.

## കേരള സർവകലാശാല
## പി.ജി. & എംടെക് (CSS) പ്രവേശനം 2026-2027
## എസ്.സി./എസ്.ടി. സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ പഠന-ഗവേഷണ വകുപ്പുകളിലെ 2026-2027 അധ്യയന വർഷത്തെ പി.ജി. & എംടെക് (CSS) പ്രോഗ്രാമുകളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2026 ജൂലൈ 31 ന് രാവിലെ 11 മണിക്ക് ബന്ധപ്പെട്ട പഠനവകുപ്പുകളിൽ നടക്കും.

സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ യോഗ്യതയും സംവരണവും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ രേഖകൾ സഹിതം നിശ്ചിത സമയത്ത് ബന്ധപ്പെട്ട പഠനവകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

ഒഴിവുള്ള പ്രോഗ്രാമുകളുടെയും ഒഴിവുകളുടെ എണ്ണത്തിന്റെയും വിശദവിവരങ്ങൾക്ക് **https://admissions.keralauniversity.ac.in/css**2026/ എന്ന ലിങ്ക് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : **0471-2308328, 9188524612,** ഇമെയിൽ : **csspghelp2026@gmail.com.**

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയിലെ പഠന വകുപ്പുകളിലെ എംഎ/എംഎസ്സി/എംടെക്/ എംകോം/എംഎഡ് എന്നീ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ 2026 ജൂലൈ 30 ന് രാവിലെ 11 മണിക്ക് അതാത് പഠന വകുപ്പുകളിലായി നടക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം നിശ്ചയിച്ച സമയത്ത് അതാത് പഠനവകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

ഒഴിവുള്ള പ്രോഗ്രാമുകളെ കുറിച്ചും, ഒഴിവുകളുടെ എണ്ണം സംബന്ധിച്ചും വിശദവിവരങ്ങൾ അറിയുന്നതിനായി **https://admissions.keralauniversity.ac.in/css**2026/ എന്ന ലിങ്ക് സന്ദർശിക്കുക.

ഒഴിവുള്ള വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ അഭാവത്തിൽ സ്പോട്ട് അഡ്മിഷന് ഹാജരാകുന്ന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് സർവകലാശാല മാനദണ്ഡങ്ങൾ അനുസരിച്ച് അഡ്മിഷൻ നൽകുന്നതാണ്. വിശദവിവരങ്ങൾക്ക് ഫോൺ : **0471 2308328, 9188524612,** ഇമെയിൽ : **csspghelp2026@gmail.com.**

## ഡിസ്സെർട്ടേഷൻ/കോംപ്രിഹെൻസീവ് വൈവവോസി പ്രാക്ടിക്കൽ/വൈവവോസി പരീക്ഷ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2026 ഏപ്രിലിൽ വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ എംഎസ്‌സി ബോട്ടണിയുടെ 2026 ജൂലൈ 20 ന് നടത്താൻ നിശ്ചയിച്ചിരുന്ന ഡിസ്സെർട്ടേഷൻ/കോംപ്രിഹെൻസീവ് വൈവവോസി 2026 ജൂലൈ 28 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ജൂലൈ 29 ന് കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ വച്ച് നടത്താനിരുന്ന നാലാം സെമസ്റ്റർ എംഎസ്‌സി കെമിസ്ട്രി, ഏപ്രിൽ 2026 പരീക്ഷയുടെ പ്രാക്ടിക്കൽ 2026 ആഗസ്റ്റ് 04 ലേക്ക് പുനഃക്രമീകരിച്ചു. പരീക്ഷ സമയത്തിന് മാറ്റമില്ല.

## പ്രാക്ടിക്കൽ/വൈവവോസി

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഏഴാം സെമസ്റ്റർ ബിടെക് (2020 സ്കീം - സപ്ലിമെന്ററി - 2020, 2021 & 2022 അഡ്മിഷൻ), ജൂൺ 2026 ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് ബ്രാഞ്ചുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2026 ആഗസ്റ്റ് 10 മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എംഎസ്‌സി മൈക്രോബയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവവോസി 2026 ആഗസ്റ്റ് 04 മുതൽ 06 വരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി സൈക്കോളജി ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ & വൈവവോസിയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ആഗസ്റ്റിൽ നടത്തുന്ന രണ്ട്, നാല് സെമസ്റ്റർ ബിഡെസ് ഫാഷൻ ഡിസൈൻ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2026 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിഎ സി.ബി.സി.എസ്. (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് - 2013, 2017, 2018 & 2020 അഡ്മിഷൻ) പരീക്ഷയുടെ സൂക്ഷ്മ

പരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾ ടിക്കറ്റുമായി 2026 ജൂലൈ 27 മുതൽ ആഗസ്റ്റ് 03 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഇ.ജെ V സെക്ഷനിൽ ഹാജരാകേണ്ടതാണ്.

കേരളസർവകലാശാല 2026 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിബിഎ/ബിസിഎ/ബിഎ/ബിഎസ്സി/ബികോം/ബിപിഎ/ബിഎസ്ഡബ്ല്യൂ/ബിവോക്/ബിഎംഎസ് കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2026 ജൂലൈ 28 മുതൽ ആഗസ്റ്റ് 04 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ ഇ.ജെ. III സെക്ഷനിൽ ഹാജരാകേണ്ടതാണ്.



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675** |
| **Whats App No. 8547330240** |